**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 115**

**02.03.2020 ൽ മറുപടിക്ക്**

## പോലീസ് സേനയിലേക്ക് വാങ്ങിയ നിരീക്ഷണ ക്യാമറകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് സേനയുടെ ആധുനീകരണവുമായി ബന്ധപ്പെട്ട് അഞ്ഞൂറ് നിരീക്ഷണ ക്യാമറകൾ ബ്രോഡ്കാസ്റ്റിങ് കൺസൽട്ടന്റ് ഇൻഡ്യാ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിന്ന് വാങ്ങിയിരുന്നോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പോലീസ് സേനയുടെ ആധുനികീകരണവുമായി ബന്ധപ്പെട്ട് M/s. Broadcast Engineering Consultants India Limited, New Delhi എന്ന സ്ഥാപനത്തിൽ നിന്നും 50 ബോഡിവോൺ ക്യാമറകൾ വാങ്ങിയിട്ടുണ്ട്. |
| ബി) 4 ജി സിം ഉപയോഗിച്ച് ക്യാമറാ ദൃശ്യങ്ങളും ശബ്ദവും ജി.എസ്.എം. സംവിധാനം വഴി കൺട്രോൾ റൂമിലേക്കും മറ്റും ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് ഇവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സഹായകമാവും എന്ന് പ്രതീക്ഷിച്ചിരുന്ന പ്രസ്തുത ക്യാമറകൾ വാങ്ങുന്നതിന് എന്ത് ചെലവ് വന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ; | ബി) പ്രസ്തുത ക്യാമറകൾ വാങ്ങിയതിന് 28,49,582/- രൂപ ചെലവായിട്ടുണ്ട്. |
| സി) ഇത്രയും വലിയ തുക ചെലവഴിച്ച് വാങ്ങിയ ക്യാമറകൾ ഭൂരിഭാഗവും ഇപ്പോൾ പ്രവർത്തനക്ഷമമല്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | സി) ഭൂരിഭാഗവും പ്രവർത്തനക്ഷമമാണ്. |
| ഡി) പ്രസ്തുത ക്യാമറകൾ വാങ്ങിയത് സംബന്ധിച്ചും ക്യാമറകൾ ഒരു വർഷം ആകുന്നതിനു മുമ്പ് തന്നെ കേടായത് സംബന്ധിച്ചും അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകുമോ? | ഡി) ചില ക്യാമറകൾ കേടായ സാഹചര്യം സംബന്ധിച്ച് പോലീസ് മേധാവി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ